**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3130** **07-10-2025 - ൽ മറുപടിയ്ക്ക്**

**ചാലക്കുടിയിലെ ജലജീവൻ പദ്ധതി പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി മണ്ഡലത്തിൽ ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുന്നതും റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതുമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്നത് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | ചാലക്കുടി മണ്ഡലത്തിൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കരാറുകാർക്ക് കത്തു മുഖേനയും യോഗം ചേർന്നും നിർദേശങ്ങൾ നൽകുന്നുണ്ട്. ജൽ ജീവൻ മിഷൻ പ്രവൃത്തികളിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനായി ജനപ്രതിനിധികളും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി നിയോജക മണ്ഡല അടിസ്ഥാനത്തിൽ സി എം ടി യോഗങ്ങളും, താലൂക്ക് അടിസ്ഥാനത്തിൽ താലൂക്ക് വികസന സമിതികളും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡിഡിസി, ഡി ഐ സി സി, ഡി ഡബ്ള്യു എസ് എം എന്നിങ്ങനെ ജില്ലാതല അവലോകന യോഗങ്ങളും മാസാമാസം ചേർന്ന് നടപടികൾ കൈക്കൊള്ളുന്നുണ്ട്. ഫണ്ടിന്റെ അഭാവം നിലവിൽ പദ്ധതി പുരോഗതിയെ ബാധിച്ചിട്ടുണ്ട്. |
| (ബി) | ചാലക്കുടി മണ്ഡലത്തിൽ നാളിതുവരെ ജൽ ജീവൻ പദ്ധതിയുടെ എത്ര ശതമാനം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ;? | (ബി) | ചാലക്കുടി നിയോജക മണ്ഡലത്തിലെ പഞ്ചായത്തു അടിസ്ഥാനത്തിൽ ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു<br><br>കൊടകര - 20%<br><br>കൊരട്ടി - 28%<br><br>കാടുകുറ്റി - 75%<br><br>അതിരപ്പിള്ളി - 85%<br><br>മേലൂർ - 75%<br><br>പരിയാരം - 80%<br><br>കോടശ്ശേരി - 65%<br><br>പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം (1)**

| ക്രമ നമ്പർ | പഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | നിലവിൽ പ്രവൃത്തിയുടെ പുരോഗതി |
|---|---|---|---|
| 1 | കൊടകര | മറ്റത്തൂർ വരന്തരപ്പിള്ളി കൊടകര പാർട്ട് 2 അളഗപ്പനഗർ പഞ്ചായത്തുകളിലേക്കുള്ള ശുദ്ധ ജല വിതരണ പദ്ധതി - കൊടകര (പാർട്ട് 2) പഞ്ചായത്തിൽ വിതരണശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷനുകൾ നൽകുന്ന പ്രവൃത്തി. | 61.223km പൈപ്പുകൾ സ്ഥാപിച്ചു.<br>979m പൈപ്പ് സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്തിൽ നിന്ന് അനുമതി ലഭ്യമാകാനുണ്ട്. |
| | | ജൽ ജീവൻ മിഷൻ - ആളൂർ - കൊടകര (പാർട്ട് 1 )ശുദ്ധ ജല വിതരണ പദ്ധതി - കൊടകരയിലെ നാട്ടുകുന്നിൽ 5LL ഉന്നതതല ജല സംഭരണി നിർമ്മാണം | വർക്ക് ഓർഡർ നൽകി.<br>പ്രവർത്തി ആരംഭിക്കാനുണ്ട്. പ്രവൃത്തി എത്രയും പെട്ടെന്ന് ആരംഭിക്കുവാൻ കരാറുകാരനു കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| | | ആളൂർ & കൊടകര (പാർട്ട് 1 ) ശുദ്ധ ജല വിതരണ പദ്ധതി - കൊടകര (പാർട്ട് 1) പഞ്ചായത്തിൽ വിതരണശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷനുകൾ നൽകുന്ന പ്രവൃത്തി. | 41.518 km പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്.<br>കരാറുകാരൻ പണി നിർത്തി വെച്ച സാഹചര്യത്തിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി നടപ്പിലാക്കുവാൻ നടപടികൾ നടന്നു വരുന്നു |
| | | Kodakara Grama Panchayath Phase -1 | പദ്ധതിയിൽ 24.72 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. |
| | | 1. കൊടകരയിലെ വല്ലപ്പാടിയിൽ 8.65LL ഉന്നതതല ജല സംഭരണി നിർമ്മാണം - പാർട്ട് 2<br>2.ആളൂർ - കൊടകര (പാർട്ട് 1 ) ജല വിതരണ പദ്ധതി ചാലക്കുടിയിലെ കൂടപ്പുഴയിൽ 6m dia ഇൻടേക്ക് വെൽ കം പമ്പ് ഹൗസ് നിർമ്മാണം<br>3. കൂടപ്പുഴ ഇൻടേക്ക് വെൽ കം പമ്പ് ഹൗസിൽ നിന്ന്<br>ചാലക്കുടിയിലെ 10 എംഎൽഡി ഡബ്ല്യൂടിപിയിലേക്ക് RWPM സ്ഥാപിക്കുന്ന പ്രവൃത്തി ,<br>4.ചാലക്കുടിയിലെ 10 എംഎൽഡി ഡബ്ല്യൂടിപി യുടെ നിർമ്മാണം ,<br>5. ചാലക്കുടി WTP യിൽ നിന്ന് വാട്ടർ ടാങ്കുകളിലേക്ക് CWPM ന്റെ വിതരണവും സ്ഥാപിക്കലും | ടെൻഡർ ഘട്ടത്തിലാണ് |
| | | | |

| | | | |
|---|---|---|---|
| 2 | കോടശ്ശേരി | കോടശ്ശേരി, പരിയാരം, അതിരപ്പിള്ളി പഞ്ചായത്തുകളിലേക്കുള്ള ശുദ്ധ ജല വിതരണ പദ്ധതി (രണ്ടാം ഘട്ടം )- കോടശ്ശേരി പഞ്ചായത്തിൽ വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷനുകൾ നൽകുന്ന പ്രവൃത്തി. | 134.293km പൈപ്പുകൾ സ്ഥാപിച്ചു.<br>ചെമ്പൻകുന്ന് ജലസംഭരണിയിൽ നിന്നും ഇറങ്ങുന്ന പ്രധാന പൈപ്പ് ലൈനുകൾ ഉൾപ്പെടുന്ന വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ കോടശ്ശേരി പഞ്ചായത്ത്, KRFB , തൃശ്ശൂർ ജില്ലാ പഞ്ചായത്ത്, PWD തുടങ്ങിയ ഏജൻസികളുടെ അനുമതി ലഭ്യമാകാത്തതിനാൽ പ്രവൃത്തി നിലച്ചിരിക്കുകയാണ്. |
| 3 | പരിയാരം | Pariyaram Grama Panchayath Phase - 1 | പരിയാരം പഞ്ചായത്തിൽ ഫേസ് 1 ൽ 38.4 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്.<br>ഫേസ് 2 പ്രവൃത്തിയിൽ 78 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്.<br>ബാക്കി പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. |
| 4 | കൊരട്ടി | Koratty Grama Panchayath – Phase -1 | 54 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. ബാക്കി പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. |
| 5 | കാടുകുറ്റി | Kadukutty Grama Panchayath – Phase -1 | കാടുകുറ്റി പഞ്ചായത്തിൽ ഫേസ് 1 . .ഫേസ് 2 പ്രവൃത്തിയിൽ 56 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട് . ബാക്കി പ്രവർത്തികൾ പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 6 | മേലൂർ | Meloor Grama panchayath – Phase -1 | മേലൂർ പഞ്ചായത്തിൽ ഫേസ് 1 ൽ 22 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്.<br>ഫേസ് 2 ൽ 74 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട് .<br>ബാക്കി പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. |
| | | | ആതിരപ്പള്ളി പഞ്ചായത്തിൽ 21.85 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട് .<br>അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ12 കോളനികളിലേക്കുള്ള കുടിവെള്ള പദ്ധതികളിൽ ഷോളയാർ, പെരുമ്പാറ, അടിച്ചിൽ തൊട്ടി, പണ്ടാരപ്പാറ, മുക്കുംപുഴ, വാച്ചു മരം,വാഴച്ചാൽ, പൊകലപ്പാറ, പിള്ളപ്പാറ, തവളക്കുഴിപ്പാ എന്നീ 6 കോളനികളിലെ കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| 7 | അതിരപ്പിള്ളി | Athirapilly Grama panchayath – Phase -2 | അരേക്കാപ്പ് കോളനിയിലേക്ക് പ്രവൃത്തി കരാർ ഉടമ്പടിയിലേർപ്പെട്ടിരുന്നെങ്കിലും സ്രോതസ്സിനു വേണ്ടി TATA യിൽ NOC ലഭിക്കാത്തതിനാൽ പ്രവൃത്തി റദ്ദ് ചെയ്തു.<br>വാർഡ് 7-13 കുടിവെള്ള പദ്ധതിക്ക് കരാർ ഉടമ്പടിയിലേർപ്പെട്ടിരുന്നെങ്കിലും സ്രോതസ്സിനു വേണ്ടി TATA യിൽ NOC ലഭിക്കാത്തതിനാൽ പ്രവൃത്തി റദ്ദ് ചെയ്തു.<br>വെട്ടിവിട്ടകാട് കുടിവെള്ള പദ്ധതിക്ക് പ്രവൃത്തി കരാർ ഉടമ്പടിയിലേർപ്പെട്ടിരുന്നെങ്കിലും കരാറുകാരൻ ടി പ്രവൃത്തി ചെയ്യാൻ തയ്യാറല്ലാത്തതിനാൽ റിസ്ക്ക് & കോസ്റ്റിൽ ടി പ്രവർത്തി നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |